വാഴിച്ചൽ റോഡ്

*നമ്പർ 9. (ഒരു) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൻകര താലൂക്കിൽ ഒറശേഖരമംഗലം പകുതിയിൽ മണ്ഡപത്തുംകടവുമുതൽ വാഴിച്ചൽവരെ പോകുന്ന വാഴിച്ചൽ റോഡ് നന്നാക്കുന്നതിനും ഒരു ramp ഉണ്ടാക്കുന്നതിനും ഗവൺമെൻറ് sanction ചെയ്തിട്ടുണ്ടോ; എപ്പോൾ;

(ബി) ഒരു നാളിതുവരെ നടപ്പിൽ വരുത്താത്തതിനാൽ കൃഷിക്കാർ വളരെ സങ്കടം അനുഭവിക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഈ വക്കിനുവേണ്ടി ഫൻ ര വൃ-ൽ എസ്റ്റിമേറു് തയ്യാറാക്കാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. അതിനു വേണ്ട എസ്റ്റിമേറുകൾ തയ്യാറായിട്ടുണ്ടു്.

(ബി) പുഴനാടു് സഹകരണസംഘത്തിൽനിന്നും ഈ റോഡിൻെറ ആവശ്യകതയെ പുരസ്കരിച്ചു് ഒരു അഭ്യർത്ഥന ലഭിച്ചിട്ടുണ്ടു്.

നാട്ടുകാർ വെട്ടിയിട്ടുള്ള ഒരു റോഡ്

*നമ്പർ വ. (ഒന) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

നെയ്യാറിൻകര താലൂക്കിൽ ഒറശേഖരമംഗലം പകുതിയിൽ ഇടവാൽ മുതൽ തെറിയറവരെ ഉദ്ദേശം ര മൈൽ ദൂരം ഒരു റോഡ് നാട്ടുകാർതന്നെ വെട്ടിച്ചിട്ടുള്ളതു് ഡിസ്താരംകൂട്ടി നന്നാക്കികിട്ടണമെന്നു നാട്ടുകാരുടെ അപേക്ഷകൾ കിട്ടിയിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): കിട്ടിയിട്ടില്ല.

കോളനൈസേഷൻ പദ്ധതി

*നമ്പർ. (ഒന്) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കോളനൈസേഷനും റീ സെറ്റിൽമെൻറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കോളനൈസേഷൻ പദ്ധതിപ്രകാരം പിന്നോക്ക സമുദായാംഗങ്ങൾക്കു് മുൻഗണന നൽകുന്നതിനെ സംബന്ധിച്ചു് ടി സമുദായാംഗങ്ങളിൽ നിന്നും നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടു്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly